"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- പേട്ട ആനയറ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എൽ.എ.ആർ. 180/2010 കേസിലെ ഉത്തരവ് വിധി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.878/2025/PWD തിരുവനന്തപുരം, തീയതി 18-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.716/2025/PWD തീയതി 19-05-2025.

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.05.2025 തീയതിയിലെ CEPWD/22226/2022-FR9-PWD നം. കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പേട്ട ആനയറ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ്കോടതിയിലെ എൽ.എ.ആർ. 180/2010 കേസിലെ വിധി തുക അനുവദിക്കുന്നതിനായി 23,24,811/- രൂപ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പേട്ട ആനയറ റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ്കോടതിയിലെ എൽ.എ.ആർ. 180/2010 കേസിലെ വിധി തുക നൽകുന്നതിനായി 23,24,811/- രൂപയും മുൻപ് പരാമർശ ഉത്തരവ് പ്രകാരം അനുവദിച്ച 15,30,78,773/-രൂപയും ചേർത്ത് ആകെ **15,54,03,584/- (പതിനഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി മൂന്നായിരത്തി അഞ്ഞൂറ്റി എൺപത്തി നാല് രൂപ മാത്രം)** രൂപയുടെ പുതുക്കിയ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 5054-04-337-80-പി.-സി.' എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന്

ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(പാലങ്ങൾ വിഭാഗം)

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 20-06-2025 17:32:14
സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

കളക്ടറേറ്റ് , സിവിൽസ്റ്റേഷൻ,
കുടപ്പനക്കുന്ന്, തിരുവനന്തപുരം -43
ഫോൺ നം. 0471-2731210
ഇ-മെയിൽ dctvm.ker@nic.in

K12- 59663/17 തീയതി 21/04/2025

ജില്ലാ കളക്ടർ
തിരുവനന്തപുരം

**ബഹു.ഗവ.സെക്രട്ടറി**
**പൊതുമരാമത്ത് വകുപ്പ്,**
**ഗവ.സെക്രട്ടറിയേറ്റ്,**
**തിരുവനന്തപുരം**

സർ,

വിഷയം : LAR 174/10 സബ് കോടതി, തിരുവനന്തപുരം- ബഹു.ഹൈക്കോടതിയിലെ LAA 31/2018 നമ്പർ കേസ് - ഡിക്രി തുക ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 02/04/2025 ലെ ഇതേ നമ്പർ കത്ത്

സൂചന പ്രകാരം പൊതുമരാമത്ത് പാലം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ച ഫണ്ട് പ്രൊപ്പോസലിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി കളക്ടർ (എൽ.എ)**
ജില്ലാ കളക്ടർക്ക് വേണ്ടി

"ഭരണഭാഷ മാതൃഭാഷ"

കളക്ടറേറ്റ് , സിവിൽസ്റ്റേഷൻ,
കുടപ്പനക്കുന്ന്, തിരുവനന്തപുരം -43
ഫോൺ നം. 0471-2731210
ഇ-മെയിൽ dctvm.ker@nic.in

K12- 59663/17 | തീയതി 02/04/2025

ജില്ലാ കളക്ടർ
തിരുവനന്തപുരം

**എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പൊതുമരാമത്ത് പാലം വിഭാഗം ,
തിരുവനന്തപുരം**

സർ,

വിഷയം : LAR 174/10 സബ് കോടതി, തിരുവനന്തപുരം- LAA 31/2018 ബഹു.ഹൈക്കോടതി- ഡിക്രി തുക ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന
1. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ 26/06/2022 ലെ അവാർഡ്
2. ഈ കാര്യാലയത്തിൽ നിന്നുള്ള 27/09/2022 ലെ ഇതേ നമ്പർ കത്ത്
3. ഈ കാര്യാലയത്തിൽ നിന്നുള്ള 30/11/2022 ലെ അർദ്ധ ഔദ്യോഗിക കത്ത്
4. ഈ കാര്യാലയത്തിൽ നിന്നുള്ള 28/02/2022 ലെ ഇതേ നമ്പർ കത്ത്
5. ഈ കാര്യാലയത്തിൽ നിന്നുള്ള 20/07/2023 ലെ ഇതേ നമ്പർ കത്ത്
6. ഈ കാര്യാലയത്തിൽ നിന്നുള്ള 25/09/2024 ലെ ഇതേ നമ്പർ കത്ത്
7. ഈ കാര്യാലയത്തിൽ നിന്നുള്ള 04/10/2024 ലെ ഇതേ നമ്പർ കത്ത്

തിരുവനന്തപുരം സബ് കോടതിയിലെ LAR 174/10 കേസിലെ EP 312/2017 കേസിൽ സബ് കോടതി ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത LAA 312018 നമ്പർ അപ്പീൽ തള്ളി ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു. ടി കേസ് 26/06/2022 ലെ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ലോക് അദാലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, പേട്ട -ആനയറ Rob -യുമായി ബന്ധപ്പെട്ടിട്ടുള്ള ടി കേസിൽ 31/03/2022 വരെയുള്ള പലിശകണക്കാക്കിയുള്ള 52,15,073/- രൂപയ്ക്ക് കേസ് തീർപ്പാക്കിയിരുന്നതുമാണ്. ബഹു.സബ് കോടതി അനുവദിച്ച Enhanced ലാൻഡ് വാല്യൂ 12,90,989/- രൂപയുടെ പലിശ കണക്കാക്കിയാണ് മേൽ പരാമർശിച്ച പ്രകാരം കേസ് തീർപ്പാക്കിയിട്ടുള്ളത്. എന്നാൽ ടി തുക 26/06/2022 മുതൽ 6 മാസത്തിനകം കോടതിയിൽ നിക്ഷേപിച്ചില്ലെങ്കിൽ മേൽ പരാമർശിച്ച Enhanced ലാൻഡ് വാല്യൂവിൻറെ 26/06/2022 വരെ പലിശ കണക്കാക്കിയുള്ള 52,82,407/- രൂപയ്ക്ക് പലിശ നിശ്ചയിച്ച് എക്സിക്യൂഷൻ പെറ്റീഷൻ restore ചെയ്യുമെന്നാണ് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ അവാർഡിൽ

രേഖപ്പെടുത്തിയിരുന്നത്. ടി 6 മാസ കാലാവധി 25/12/2022 ന് അവസാനിച്ചിട്ടുള്ളതാണ്. നിലവിൽ ടി തുക ലഭ്യമായിട്ടില്ലാത്തതിനാൽ 52,15,073/- രൂപയ്ക്ക് പകരം നാളിതുവരെയുള്ള പലിശ കണക്കാക്കിയുള്ള തുക കക്ഷിയ്ക്ക് നൽകേണ്ട സാഹചര്യവും സർക്കാർ സ്വത്തുക്കളുടെ മേൽ ജപ്തി നടപടി എടുക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്. മേൽ വിഷയത്തിൽ കക്ഷി EP restore ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ കക്ഷി ഫയൽ ചെയ്ത എക്സിക്യൂഷൻ പെറ്റീഷനിന്മേൽ സാധാരണ രീതിയിൽ LAR കേസുകൾക്ക് തുക നല്കുന്നതുപോലെ നാളിതുവരെയുള്ള പലിശ നൽകേണ്ടതായി കാണുന്നു. LAR കേസുകളിൽ ഭൂമി ഏറ്റെടുക്കൽ ആക്ട് 1894 പ്രകാരം വിധിതുക സമയബന്ധിതമായി കോടതിയിൽ നിക്ഷേപിക്കാത്ത പക്ഷം കക്ഷിയ്ക്ക് അനുവദിച്ച തുക, ആയതിന്റെ 30% സോലേഷ്യം, 4 (1) നോട്ടിഫിക്കേഷൻ മുതൽ അവാർഡ് തിയതി വരെയുള്ള 12% വർദ്ധനവ് എന്നിവയും ഉൾപ്പടെയുള്ള ആകെ തുകയുടെ ഒരു വർഷത്തേക്കുള്ള 9 % പലിശയും അത് കഴിഞ്ഞു തുക കെട്ടിവയ്ക്കുന്നതു വരെയുള്ള 15 % പലിശയും നൽകേണ്ടതുണ്ട്. ഇത്തരത്തിൽ LAR കേസുകളിൽ തുക കെട്ടിവയ്ക്കാനെടുക്കുന്ന ഓരോ ദിവസവും പലിശ നൽകുന്നത് സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. **ടി നഷ്ടം ഒഴിവാക്കുന്നതിനാണ് കേസുകൾ അദാലത്തിൽ തീർപ്പാക്കി ആ തുക സമയബന്ധിതമായി ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നത്. എന്നാൽ ടി കേസിൽ നാളിതുവരെ ഫണ്ട് അനുവദിച്ചിരുന്നില്ല. നിലവിൽ 26/06/2022 വരെ പലിശ കണക്കിയുള്ള തുക കോടതിയിൽ നിക്ഷേപിക്കുന്നതിന് പകരം 31/05/2025 വരെ പലിശ കണക്കാക്കുമ്പോൾ 61,10,538/- രൂപ (രൂപ അറുപത്തിയൊന്ന് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് മാത്രം) കക്ഷിയ്ക്ക് നല്കാനുള്ളതായി കാണുന്നു.** മേൽ സാഹചര്യത്തിൽ 61,10,538/- രൂപ (രൂപ അറുപത്തിയൊന്ന് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് മാത്രം) തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ **'8443-00-117-99 work deposit' ( DDO Code: 0115-61 B-047 Department Code: 61 B)** എന്ന അക്കൗണ്ടിലേക്ക് അടിയന്തരമായി അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് താത്പര്യപ്പെടുന്നു. തുക അനുവദിക്കുന്നതോടൊപ്പം തുക അനുവദിക്കുന്ന നടപടിക്രമം കൂടി ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് താത്പര്യപ്പെടുന്നു. ( അനുബന്ധ രേഖകൾ ഇമെയിൽ മുഖാന്തിരം അയച്ചിട്ടുണ്ട്)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി കളക്ടർ (എൽ.എ)**
ജില്ലാ കളക്ടർക്ക് വേണ്ടി

ഉള്ളടക്കം : അനുബന്ധ രേഖകളുടെ പകർപ്പുകൾ

പകർപ്പ് 1. **ബഹു.ഗവ.സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് -ആമുഖ കത്ത് സഹിതം**
2. അഡീഷണൽ ഗവ.പ്ലീഡർ, തിരുവനന്തപുരം
3. റവന്യൂ ഇൻസ്പെക്ടർ (കോടതി)

**CHECK LIST ATTACHED WITH LAR FUND REQUEST PROPOSAL**

| | | |
|---|---|---|
| 1 | Name of Division | **Executive Engineer PWD (Roads) Division** |
| 2 | LAR No & Court | **174/2010 Sub Court Tvpm** |
| 3 | LAA No (If applicable) | **31/2018 dismissed by Hon'ble High Court of Kerala** |
| 4 | EP No (If applicable) | 312/17 |
| 5 | Specific remarks on EP (If applicable) | **The case was included in the Lok Adalat on 26/06/2022. The case was settled on the condition that the amount could be deposited within 6 months. The EP in the case was restored due to unavailability of funds.** |
| 6 | Name of the work related to LAR | **Railway over bridge approach road – Pettah Anayara** |
| 7 | Details of the Land Acuired Re. Sy No. | **21/B3-2,B3,B3-1** |
| | Village | **Pettah** |
| | Taluk | **Thiruvananthapuram** |
| | Area Acquired | 0.57 Ares |
| 8 | Amount awarded by the LAO per are | Rs.245500/- |
| 9 | Amount awarded by the Court per are | Rs. 2510394/- |
| 10 | Amount awarded by Higher Court (if any) | |
| 11 | Enhancement % | |
| 12 | State whether Government Circular No. C2/718/2017 dated 26/12/2017 is complied with | |
| 13 | State whether Government Circular No. C2/820/2017 dated 19/02/2018 is complied with | |
| 14 | State whether there is any scope on filing appeal at higher court as per the legal opinion of concerned legal order | **State filed appeal in the Hon'ble High Court as LAA 31/2018. This appeal was dismissed on 11/06/2019.** |
| 15 | State whether the amount required is decretal amount/ recoupment or both | decretal amount |
| 16 | As Number of date of work related | |
| 17 | As Amount of work related | |
| 18 | State whether there is any balance available on the previously allotted amount for Land Acquisition vide As read Sl.No.16 | |
| 18 | **Total Amount required as per the calculation statement** | 61,10,538/– |
| 19 | Remarks, if any | **The amount as per settilment in Lok Adalath was not allotted within the time limit. Therefore, the provision of Lok Adalath has been violated. The EP in the case was restored due to unavailability of funds.** |

[signature]

**Deputy Collector (LA)**

**K12-59663/17** **CALCULATION STATEMENT**

| | |
|---|---|
| LAR No | : **174-2010, SubCourt,TVPM** |
| Name of Requisitionining Authoirity | : PWD Roads |
| Date of 4(1) Notification | : 20/09/2008 |
| Date of Award | : 15/01/2010 |
| Date of Taken Possession | : 27/01/2010 |
| Name of claimant | : S.Sreekumar |
| Date of Judgment & Decree | : 05/11/2016 |
| Amount fixed by Court per Are(Rs) | : 2510394.00 |
| Amount fixed by LAO per Are(Rs) | : 245500.00 |
| Enhancement(Total) | : 2264894.00 |
| Extent Acquired(Ares) | : 0.57 |

| Item | Land , Structural Values.Solatium Addl.Land Value | SOLATIUM ADDL.LAND VALUE AND COURT COST | Interest |
|---|---|---|---|
| Enhanced compensation allowed by the Court | 1290989.00 | | |
| 30 % Solatium - for Rs:1290989/- | | 387296.7 | |
| Additional land value (12 % increase from 20/09/2008 to 15/01/2010 - 483 days | | 205001.98 | |
| Total | 1883287.68 | | |
| 9% interest for one year from 27/01/2010 to 26/01/2011 For Rs.1883287.68/- | | | 169495.89 |
| 15 % int. from 27/01/2011 to 31/05/2025 5239 days | | | 4054744.17 |
| | | | |
| Proportinate Court Cost | | 3010 | |
| Total | 1883287.68 | 3010 | 4224240.06 |
| **Balance Amount due to claimant** | | **6110537.74** | |

**Rounded to** **6110538.00**

**Rupees Sixty One Lakhs Ten Thousand Five Hundred and Thirty Eight Only**

**Deputy Collector (L.A.)**